താജ് ആലുവ




# അമേരിക്ക ഒടുക്കത്തിന്റെ തുടക്കം

**ലോകത്ത്** അമേരിക്കൻ മേധാവിത്വം അതിന്റെ അവസാനത്തോടടുക്കുകയാണെന്നത് ഇന്നിപ്പോൾ അടക്കം പറയേണ്ട സംഗതിയല്ല. സാമ്പത്തിക വിദഗ്ധരും സ്വതന്ത്ര നിരീക്ഷകരും ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. സമ്പൂർണ തകർച്ചയുടെ ആദ്യഘട്ടമായാണ്, അമേരിക്കൻ സമ്പദ്വ്യവസ്ഥ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന തിരിച്ചടികളെ നിരീക്ഷകർ കാണുന്നത്. ഈയിടെ കാനഡയിലെ *ഇന്റലിജൻസർ* പത്രം പ്രമുഖ സാമ്പത്തിക വിദഗ്ധരെ ഉദ്ധരിച്ചെഴുതിയ റിപ്പോർട്ടിൽ, അമേരിക്കൻ സമ്പദ്വ്യവസ്ഥയുടെ സമ്പൂർണ തകർച്ച സമയത്തിന്റെ മാത്രം പ്രശ്നമാണെന്ന് പറയുന്നു. ന്യൂയോർക്ക് യൂനിവേഴ്സിറ്റിയുടെ സ്റ്റേൺ സ്കൂൾ ഓഫ് ബിസിനസ്സിലെ ഡോ. നൗരിൽ റോബിനി രാജ്യത്തിന്റെ ധനവ്യവസ്ഥയിൽ വന്ന നഷ്ടങ്ങൾ താമസിയാതെ ഒരു ട്രില്യൻ ഡോളറായി (10 ലക്ഷത്തിന്റെ 10 ലക്ഷം ഇരട്ടിയാണ് ഒരു ട്രില്യൻ) ഉയരുമെന്ന് പ്രവചിക്കുന്നു. എല്ലാ അമേരിക്കൻ ബാങ്കുകളുടെയും മൊത്തം വസ്തുവകകളുടെ മൂല്യം വരുമിത്. ലണ്ടനിലെ ബാങ്ക് എ.ഐ.ജിയിലെ ഉന്നത ഉദ്യോഗസ്ഥനും അന്താരാഷ്ട്ര സാമ്പത്തികകാര്യ വിശാരദനുമായ ബെർനാർഡ് കോണെല്ലി പറയുന്നത്, അമേരിക്കയിൽ ഒരു വൻ സാമ്പത്തിക തകർച്ചക്കുള്ള സാധ്യത ദിനേനയെന്നോണം ശക്തിപ്പെടുന്നു എന്നാണ്.

അമേരിക്കയിലും ബ്രിട്ടനിലും ഇപ്പോൾ ദിനേനയെന്നോണം ധാരാളം പേർ തങ്ങളുടെ വീടുകളുടെ താക്കോൽ ബാങ്കുകൾക്ക് തപാലിൽ അയച്ച് വീടുപേക്ഷിച്ച് പോകുന്നതായി റിപ്പോർട്ടുണ്ട്. വീടുകൾക്കു വേണ്ടി എടുത്ത വായ്പ തിരിച്ചടക്കാൻ സാധിക്കാത്തതിനാലാണത്രെ ഇത്. ബാങ്കുകളാകട്ടെ ഒരു തരത്തിലും ഇളവ് അനുവദിക്കാൻ പറ്റാത്ത അവസ്ഥയിലും.


സൈനികമായും രാഷ്ട്രീയമായും നാം ജീവിക്കുന്ന ലോകം ഇപ്പോഴും ഏകധ്രുവമാണ്. എന്നാൽ വ്യവസായം, സാമ്പത്തികം, സാമൂഹികം, സാംസ്കാരികം എന്നീ മേഖലകളിൽ അമേരിക്കൻ സ്വാധീനം കുറഞ്ഞുവരികയാണ്. മുൻ കഴിഞ്ഞ സാമ്രാജ്യങ്ങൾ നശിച്ചത് പോലെ അമേരിക്കയുടെ നാശത്തിന്റെ ആരംഭമായി ഇതിനെ കാണാം.

അടുത്തതായി ഈ പ്രശ്നം ബാധിക്കാൻ പോകുന്നത് വ്യാപാരാടിസ്ഥാനത്തിൽ പണിതുയർത്തിയിട്ടുള്ള കെട്ടിടങ്ങളെയാണ്. തൊഴിലില്ലായ്മ വ്യാപകമാകുന്നതിനാൽ, ചെറിയ വ്യാപാര സ്ഥാപനങ്ങൾ മുതൽ വലിയ ഷോപ്പിംഗ് മാളുകൾ വരെ ബാങ്കുകൾക്ക് വിട്ടുകൊടുത്ത് തടികാക്കുന്ന വ്യാപാരികളെയും വ്യവസായികളെയുമാണ് ഇനി കാണാൻ പോകുന്നതെന്ന് പത്രം പറയുന്നു.

വരാനിരിക്കുന്നത് ക്രെഡിറ്റ് കാർഡുപയോഗിച്ചുള്ള ക്രയവിക്രയങ്ങളിലെ മാറ്റമാണ്. ധാരാളം ആളുകൾ ബാങ്കിലടക്കാനുള്ള പണം തിരിച്ചടക്കാതെ മുങ്ങാനുള്ള സാധ്യതയുണ്ടെന്നാണ് പ്രവചനങ്ങൾ. ഇപ്പോൾ കമ്പ്യൂട്ടർ സ്ക്രീനിലൂടെ മാത്രം നടക്കുന്ന ട്രില്യൻ കണക്കിന് ഡോളർ വരുന്ന പല ഓഹരി ഇടപാടുകളും ഫണ്ടുകളും അടുത്ത രണ്ടു വർഷത്തിനുള്ളിൽ കട്ടപ്പൊകയായി മാറാൻ പോവുകയാണെന്നും വിദഗ്ധർ താക്കീത് ചെയ്യുന്നു.

ഇവ്വിഷയകമായി വന്ന ഏറ്റവും കൃത്യമായ ഒരു പ്രവചനം ഗ്ലോബൽ യൂറോപ്പ് ആന്റിസിപ്പേഷൻ ബുള്ളറ്റിന്റേതാണ്. "2008 സെപ്റ്റംബർ അവസാനത്തോടെ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ ഒരു നിർണായക ഘട്ടം കടന്നുവരും. ആ സമയം ലോകത്ത് ഇപ്പോൾ നിലനിൽക്കുന്ന എല്ലാത്തരം സാമ്പത്തിക പ്രതിസന്ധികളും അത്യന്തം മൂർഛിക്കും. ഇത് ഏറ്റവും കൂടുതൽ ബാധിക്കുക ഈ പ്രതിസന്ധികളുടെയൊക്കെ പ്രഭവ കേന്ദ്രമായ യുനൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയെതന്നെയാകും. അമേരിക്കൻ സാമ്പത്തിക വ്യവസ്ഥയുടെ അടിത്തറതന്നെ യിളകും. ഹൗസിംഗ് ലോൺ പ്രതിസന്ധി കൂടുതൽ രൂക്ഷമാകും. ഡോളറിന് കുത്തനെ വിലയിടിയും. സ്വകാര്യ -പൊതു സ്ഥാപനങ്ങൾ വൻതോതിൽ പാപ്പരാകും. കമ്പനികളും സേവനസ്ഥാപനങ്ങളും അടച്ചുപൂട്ടും."

ചരിത്രം ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു പ്രതിസന്ധിയാണ് ലോകം കാത്തിരിക്കുന്നതെന്ന് റിപ്പോർട്ട് പറയുന്നു. 1929 -ലെ സാമ്പത്തിക പ്രതിസന്ധിയോ 1970 -കളിലെ എണ്ണ പ്രതിസന്ധിയോ 1987-ലെ സ്റ്റോക്ക് മാർക്കറ്റ് പ്രതിസന്ധിയോ ആയിരിക്കില്ല ഇത്. ഭൂഗോളത്തെ മൊത്തം ബാധിക്കുന്ന, കഴിഞ്ഞ ദശകങ്ങളിൽ കെട്ടിപ്പടുക്കപ്പെട്ട അന്തർദേശീയ വ്യവസ്ഥയെ പ്രതിക്കൂട്ടിൽ നിർത്തുന്ന ഒരു നിർണായക ആഗോള ഭീഷണിയായി ഇത് വളരും. 'ദി ഗ്രേറ്റ് യു.എസ് ഡിപ്രഷൻ' (വമ്പൻ അമേരിക്കൻ തകർച്ച) എന്ന് റിപ്പോർട്ടിൽ പേരിട്ട് വിളിച്ച ഈ സാമ്പത്തിക പ്രതിഭാസം ആഗോളവ്യാപകമായിരിക്കുമെങ്കിലും അതിന്റെ ഏറ്റവും വലിയ പ്രത്യാഘാതം യു.എസ്സായിരിക്കും അനുഭവിക്കേണ്ടിവരിക. അമേരിക്കൻ സാമ്പത്തിക വ്യവസ്ഥയുമായി ബന്ധമുള്ള എല്ലാ രാജ്യങ്ങളും ആ ബന്ധം വേർപ്പെടുത്തിക്കൊണ്ടായിരിക്കും ഇതിന് തുടക്കം കുറിക്കുക. ബന്ധം വേർപ്പെടുത്താത്ത രാജ്യങ്ങളാകട്ടെ, അതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവരുമെന്നും റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. ആഗോള ഓഹരി വിപണി 40 മുതൽ 80 ശതമാനം വരെ ഇടിയുമെന്നാണ് മറ്റൊരു പ്രവചനം.




കമ്യൂണിസത്തിന്റെ തകർച്ചക്ക് ശേഷം ലോകം മുഴുവൻ ഒറ്റക്ക് ഭരിച്ചുകളയാമെന്ന ഹുങ്ക് കൊണ്ടുനടന്ന അമേരിക്കൻ മേധാവിത്വബോധത്തിനേൽക്കുന്ന തിരിച്ചടിയാണ് നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

തകരാൻ പോകുന്ന അമേരിക്കൻ സാമ്പത്തിക മേധാവിത്വത്തെക്കുറിച്ച് വേറെയും റിപ്പോർട്ടുകളും ലേഖനങ്ങളും ധാരാളമായി വന്നുകൊണ്ടിരിക്കുന്നുണ്ട്. അമേരിക്കൻ വാരികയായ 'ന്യൂസ് വീക്കി'ന്റെ എഡിറ്റർ ഫരീദ് സകരിയ്യ എഴുതിയ വരികൾ വ്യത്യസ്തത പുലർത്തുന്നു. 'റൈസ് ഓഫ് ദ റെസ്റ്റ്' (മറ്റുള്ളവരുടെ ഉയർച്ച) എന്ന തലക്കെട്ടിൽ മെയ് 12-ന് പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ, രാജ്യം അഭിമുഖീകരിക്കുന്ന പ്രതിസന്ധിയുടെ കാരണങ്ങൾ അദ്ദേഹം നിരത്തുന്നുണ്ട്: "അമേരിക്ക ഇപ്പോഴനുഭവിക്കുന്ന സാമ്പത്തികമായ തകർച്ച, വരാനിരിക്കുന്ന ഇതിലും മോശമായ ദുരന്തം, ഇറാഖിൽ അറ്റം കാണാതെ തുടർന്നുപോകുന്ന യുദ്ധം, തലക്കുമുകളിൽ തൂങ്ങിനിൽക്കുന്ന ഭീകരതാ ഭീഷണി."

ആധുനിക ലോക ചരിത്രത്തിലെ മൂന്നാമത്തെ അധികാരക്കൈമാറ്റത്തിന് നാമിപ്പോൾ സാക്ഷ്യം വഹിക്കുകയാണെന്നും സകരിയ്യ പറയുന്നു. സൈനികമായും രാഷ്ട്രീയമായും നാം ജീവിക്കുന്ന ലോകം ഇപ്പോഴും ഏകധ്രുവമാണ്. എന്നാൽ വ്യവസായം, സാമ്പത്തികം, സാമൂഹികം, സാംസ്കാരികം എന്നീ മേഖലകളിൽ അമേരിക്കൻ സ്വാധീനം കുറഞ്ഞുവരികയാണ്. മുൻകഴിഞ്ഞ സാമ്രാജ്യങ്ങൾ നശിച്ചതു പോലെ അമേരിക്കയുടെ നാശത്തിന്റെ ആരംഭമായി ഇതിനെ കാണാം. അദ്ദേഹം ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു: ലോകത്തെ ഏറ്റവും ഉയരമുള്ള കെട്ടിടം ഇപ്പോഴുള്ളത് തായ്പേയിലാണ്. സമീപ ഭാവിയിൽ അത് ദുബൈയിലാകും. ഓഹരി വിപണിയിൽ ഏറ്റവും വലിയ കച്ചവടം നടക്കുന്ന കമ്പനി ഇപ്പോൾ ചൈനയിലാണ്. ഏറ്റവും വലിയ റിഫൈനറി ഇപ്പോൾ നിർമിക്കപ്പെടുന്നത് ഇന്ത്യയിലാണ്. ഏറ്റവും വലിയ യാത്രാവിമാനം നിർമിക്കപ്പെടുന്നത് യൂറോപ്പിലാണ്. ലോകത്തെ ഏറ്റവും വലിയ ഇൻവെസ്റ്റ്മെന്റ് ഫണ്ടുള്ളത് അബൂദബിയിലാണ്. ഏറ്റവും അധികം സിനിമാ നിർമാണം നടക്കുന്നത് ബോളിവുഡിലാണ്, ഹോളിവുഡിലല്ല. ഏറ്റവും വലിയ ചൂതാട്ട കേന്ദ്രമോ ഷോപ്പിംഗ് മാൾ പോലുമോ ഇപ്പോൾ അമേരിക്കയിലല്ല. ലോകത്തെ ആദ്യ പത്ത് ധനികരിൽ കേവലം രണ്ട് പേരേ അമേരിക്കക്കാരായുള്ളൂ. ലോകം അമേരിക്കൻ വിരോധത്തിൽനിന്ന് (ആന്റി അമേരിക്കനിസം) അമേരിക്കക്ക് ശേഷമുള്ള (പോസ്റ്റ് അമേരിക്കനിസം) അവസ്ഥയിലേക്ക് മാറിക്കഴിഞ്ഞു. ഇത് മറ്റുള്ളവരുടെ വളർച്ചയാണ്. അമേരിക്കയുടെ ഒടുക്കത്തിന്റെ തുടക്കവും."

കമ്യൂണിസത്തിന്റെ തകർച്ചക്ക് ശേഷം ലോകം മുഴുവൻ ഒറ്റക്ക് ഭരിച്ചുകളയാമെന്ന ഹുങ്ക് കൊണ്ടുനടന്ന അമേരിക്കൻ മേധാവിത്വബോധത്തിനേൽക്കുന്ന തിരിച്ചടിയാണ് നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. സാമ്പത്തികശക്തിയുടെയും ശാസ്ത്ര സാങ്കേതിക വിദ്യയുടെയും ബലത്തിൽ കാലാകാലം മൊത്തം മനുഷ്യരെ അടിമകളാക്കിക്കളയാമെന്ന വ്യാമോഹത്തിനേറ്റ തിരിച്ചടിയായി ചരിത്രം ഇതിനെ വിലയിരുത്തും. ■